"ഭരണഭാഷ മാതൃഭാഷ"

**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ചെയർപേഴ്സൺ &**

**തിരുവനന്തപുരം ജില്ലാ കളക്ടറുടെ നടപടിക്രമം**

*(ഹാജർ - ഡോ: നവജ്യോത് ഖോസ ഐ.എ.എസ്)*

മഹാത്മാവിനെ ഇന്ത്യ ആഘോഷിക്കുന്നു

H4 - 333936/ 2021

**തീയതി : 28/05/2021**

വിഷയം : ദുരന്ത നിവാരണം - അതീവ അപകടാവസ്ഥയിൽ ഉള്ള മരങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിന് - ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ 30(2) V പ്രകാരം ഉത്തരവാകുന്നു.

പരാമർശം : 1. 28-05-2018 ലെ ദുരന്ത നിവാരണ (എ) വകുപ്പ് പരിപത്രം നം. ഡി.എ 1/217/2018/ഡി.എം.ഡി

2. ഡി.ഡി.എം.എ യുടെ 27-05-2021 ലെ യോഗ തീരുമാനം. ഃ

ജില്ലയിലെ വിവിധ സർക്കാർ ആഫീസ് കോമ്പൗണ്ടുകളിലും, പൊതുനിരത്തുകളിലും, സ്വകാര്യ വ്യക്തികളുടെ കൈവശമുള്ള പുരയിടങ്ങളിലും അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന നിരവധി വൃക്ഷങ്ങൾ നിൽക്കുന്നതായി ശ്രദ്ധയിൽപെട്ടിട്ടുണ്ട്. തെക്ക് പടിഞ്ഞാറൻ കാലവർഷം ശക്തി പ്രാപിക്കുന്നതോടു കൂടി അതിശക്തമായ മഴയും കാറ്റിനും സാദ്ധ്യത ഉണ്ട്. ടി സാഹചര്യത്തിൽ അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന വൃക്ഷങ്ങൾ അടിയന്തിരമായി മുറിച്ച് മാറ്റി പൊതുജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകേണ്ടത് അത്യന്താപേക്ഷിതമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ, തിരുവനന്തപുരം ജില്ലാ ദുരന്തനിവാരണ അതോറിറ്റി ചെയർപേഴ്സൺ & ജില്ലാ കളക്ടർ ആയ ഡോ. നവജ്യോത് ഖോസ ഐ.എ.എസ് എന്ന ഞാൻ ദുരന്ത നിവാരണ നിയമം 2005 പ്രകാരം എന്നിൽ നിക്ഷിപ്തമായിരിയ്ക്കുന്ന ഇതേ നിയമത്തിലെ വകുപ്പ് 26, 30(2) (v), 34 എന്നിവ പ്രകാരം ചുവടെ ചേർക്കുന്ന ഉത്തരവ് പുറപ്പെടുവിക്കുന്നു.

## ഉത്തരവ്

1. തിരുവനന്തപുരം ജില്ലയിലെ എല്ലാ വകുപ്പ് തലവൻമാരും അവരവരുടെ വകുപ്പിനു കീഴിലുള്ള സ്ഥലങ്ങളിൽ /റോഡുകളിൽ പൊതുജനങ്ങളുടെ ജീവനും സ്വത്തിനും അപകടകരമായ വിധത്തിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങൾ അടിയന്തിരമായി മുറിച്ചു മാറ്റി അപകടാവസ്ഥ ഒഴിവാക്കേണ്ടതാണ്. (നാശനഷ്ടം ഏറ്റവും കുറഞ്ഞ രീതിയിൽ വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്)

2. തിരുവനന്തപുരം ജില്ലയിലെ എല്ലാ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും അവരവരുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ അപകടാവസ്ഥയിൽ സ്ഥിതിചെയ്യുന്ന വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചു മാറ്റി അപകടാവസ്ഥ ഒഴിവാക്കേണ്ടതാണ്. (നാശനഷ്ടം ഏറ്റവും കുറഞ്ഞ രീതിയിൽ വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്)

3. സ്വകാര്യ വ്യക്തികളുടെ പുരയിടങ്ങളിൽ മറ്റുള്ളവരുടെ ജീവനും സ്വത്തിനും ഭീക്ഷണിയായി നിൽക്കുന്ന വൃക്ഷങ്ങളുണ്ടെങ്കിൽ ആയതിന്റെ ശിഖരങ്ങൾ മുറിച്ചു മാറ്റി

അപകടാവസ്ഥ ഒഴിവാക്കുന്നതിന് ബന്ധപ്പെട്ട വസ്തു ഉടമയ്ക്ക് തദ്ദേശ സ്വയം ഭരണവകുപ്പ് മേധാവികൾ നോട്ടീസ് നൽകേണ്ടതും അപ്രകാരം വസ്തു ഉടമ വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റി അപകടാവസ്ഥ സ്വമേധയാ ഒഴിവാക്കാത്തപക്ഷം തദ്ദേശ സ്വയംഭരണ സ്ഥാപന മേധാവികൾ ടി വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റി അപകടാവസ്ഥ ഒഴിവാക്കേണ്ടതും ആയതിന് ചിലവാകുന്ന തുക ബന്ധപ്പെട്ട കക്ഷികളിൽ നിന്ന് ഈടാക്കേണ്ടതുമാണ്. (നാശനഷ്ടം ഏറ്റവും കുറഞ്ഞ രീതിയിൽ വൃക്ഷങ്ങളുടെ ശിഖരങ്ങൾ മുറിച്ചുമാറ്റുന്നതിന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്)

4. കാലവർഷം ശക്തി പ്രാപിക്കുന്നതോടു കൂടി അതിശക്തമായ മഴയ്ക്കും കാറ്റിനും സാദ്ധ്യത ഉള്ളതിനാൽ മരങ്ങൾ കടപുഴകി വീണ് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും അപകടം ഉണ്ടാവുന്നത് ഒഴിവാക്കുന്നതിനായി വൃക്ഷങ്ങളുടെ അപകടകരമായ ചില്ലകൾ മുറിച്ചുമാറ്റി അപകടം ഒഴിവാക്കാൻ എല്ലാ വകുപ്പ് മേധാവികളും ശ്രദ്ധിക്കേണ്ടതാണ്. അപകടകരമായ വൃക്ഷങ്ങൾ പൂർണ്ണമായും മുറിച്ചു മാറ്റേണ്ടതുണ്ടെങ്കിൽ അത്തരം മരങ്ങൾ മുറിക്കുവാനുള്ള അനുമതിയ്ക്കായി അതാത് തദ്ദേശ സ്വയംഭരണ സ്ഥാപന സെക്രട്ടറി, വില്ലേജ് ഓഫീസർ, പ്രദേശത്തെ വനം റേഞ്ച് ഓഫീസർ എന്നിവരടങ്ങുന്ന ഒരു സമിതിയുടെ ശുപാർശ സഹിതം ബന്ധപ്പെട്ട ഓഫീസ് മേധാവി വിശദമായ റിപ്പോർട്ട് സമർപ്പിച്ച് ജില്ലാ കളക്ടറുടെ പ്രത്യേക അനുമതി മുൻകൂർ വാങ്ങേണ്ടതാണ്.

മേൽ നിർദ്ദേശങ്ങൾ അനുസരിക്കാത്ത പക്ഷം ബന്ധപ്പെട്ട വകുപ്പുകൾക്കായിരിക്കും അവരവരുടെ ഭൂമിയിലുള്ള മരം വീണ് ഉണ്ടാവുന്ന എല്ലാ അപകടങ്ങൾക്കും നഷ്ടപരിഹാരം നൽകുവാനുള്ള ബാദ്ധ്യതയെന്നും ഉത്തരവാകുന്നു.

(ഒപ്പ്)
**ചെയർപേഴ്സൺ & ജില്ലാ കളക്ടർ**
**ജില്ലാ ദുരന്ത നിവാരണ അതോറിറ്റി, തിരുവനന്തപുരം**

**സ്വീകർത്താവ്:-**

1. തിരുവനന്തപുരം ജില്ലയിലെ എല്ലാ വകുപ്പ് മേധാവികൾക്കും
2. ജില്ലാ പോലീസ് മേധാവി (സിറ്റി/ റൂറൽ)
3. സബ് കളക്ടർ, തിരുവനന്തപുരം.
4. സബ് കളക്ടർ, നെടുമങ്ങാട്.
5. ഇൻഫർമേഷൻ ഓഫീസർ, തിരുവനന്തപുരം (പത്ര ദൃശ്യ മാദ്ധ്യമങ്ങളിൽ പരസ്യം ചെയ്യുന്നതിനായി)
6. ഡെപ്യൂട്ടി ഡയറക്ടർ, ഓഫ് പഞ്ചായത്ത്, തിരുവനന്തപുരം
7. സെക്രട്ടറി, തിരുവനന്തപുരം കോർപ്പറേഷൻ.
8. എല്ലാ മുനിസിപ്പൽ സെക്രട്ടറിമാർക്കും
9. പ്രിൻസിപ്പൽ കൃഷി ഓഫീസർ, തിരുവനന്തപുരം.
10. എല്ലാ തഹസീൽദാർമാർക്കും.

അംഗീകാരത്തോട

ജൂനിയർ സൂപ്രണ്ട്